"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചിൻ കോർപ്പറേഷനിൽ സീനിയർ ക്ലാർക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ഷീജ ജോസഫ് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1826/23 നമ്പർ കേസിലെ 03.10.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2382/2024/LSGD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 06.11.2023 തീയതിയിലെ LSGD/JD/EKM/184/2023-A4 (PART2) നമ്പർ ഉത്തരവ്
2. ശ്രീമതി. ഷീജ ജോസഫ് സർക്കാരിൽ സമർപ്പിച്ച 08.11.2023തീയതിയിലെ അപേക്ഷ (അനക്ഷർ എ5)
3. ശ്രീമതി. ഷീജ ജോസഫ് ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1826/23 നമ്പർ കേസിലെ 03.10.2024 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.11.2024 തീയതിയിലെ LSGD/PD/65763/2023-DEC1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചിൻ കോർപ്പറേഷനിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തിരുന്ന ശ്രീമതി.ഷീജ ജോസഫിനെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി നിയമിച്ച തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ പരാമർശം 1 ഉത്തരവിനെതിരായി ശ്രീമതി.ഷീജ ജോസഫ് പരാമർശം 2 പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയത്തിൽ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1826/23 നമ്പർ കേസിലെ 03.10.2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അനക്ഷർ A5അപ്പീൽ അപേക്ഷ, ആവശ്യമെങ്കിൽ പരാതി കക്ഷിയെയും മറ്റ് affected parties നെയും നേരിൽ കേട്ടതിനു ശേഷം ആറു ആഴ്ചകൾക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

2. ശ്രീമതി.ഷീജ ജോസഫ് സമർപ്പിച്ച അനക്ഷർ A5 അപ്പീൽ അപേക്ഷ പ്രകാരം, കൊച്ചിൻ കോർപ്പറേഷനിൽ സീനിയർ ക്ലാർക്കായി ജോലി ചെയ്തിരുന്ന തന്നെ ജോയിന്റ് ഡയറക്ടറുടെ 06.11.2023 തീയതിയിലെ ഉത്തരവ് പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി നിയമിച്ചതായും, ടിയാൾക്ക് 45% അംഗവൈകല്യം ഉണ്ടെന്നും 2026 മെയ് മാസത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. സ്ഥലംമാറ്റ

സാധ്യതയെക്കുറിച്ച് അറിഞ്ഞപ്പോൾതന്നെ 21.06.2023 ൽ അംഗവൈകല്യവും ശാരീരിക വൈഷമ്യവും ചൂണ്ടിക്കാട്ടി മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടറിനും ജോയിന്റ് ഡയറക്ടറിനും അപേക്ഷ നൽകിയിട്ടുണ്ട് എന്നും വീഴ്ചയുടെ ഫലമായി തനിക്ക് മുട്ട ചിരട്ടയ്ക്ക് സാരമായ പൊട്ടലുണ്ടാവുകയും, കാൽമുട്ടിന് തുടർച്ചയായി ചെയ്ത 3 സർജറികൾ കാരണം നടക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെ തുടർന്ന് വാക്കിംഗ് സ്റ്റിക്ക് ഉപയോഗിച്ചാണ് നടക്കുന്നതെന്നും വികലാംഗർക്കായി പ്രത്യേകം രൂപകല്പന ചെയ്ത വാഹനത്തിലാണ് യാത്ര ചെയ്യുന്നതെന്നും ദിനം പ്രതി ടി വാഹനം ഉപയോഗിച്ച് ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് യാത്ര ചെയ്യാനാകില്ലെന്നും സ്റ്റെയർകേസ് കേറി ഇറങ്ങാൻ ബുദ്ധിമുട്ടാണെന്നും പ്രസ്തുത സാഹചര്യത്തിൽ അപേക്ഷ പരിഗണിച്ച് അനുകൂല ഉത്തരവുണ്ടാകണമെന്നും കൊച്ചി കോർപ്പറേഷനിൽ നിലനിർത്തണമെന്നും ടിയാൾ ആവശ്യപ്പെട്ടിരുന്നു.

3. ബഹു. ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം അപേക്ഷകയായ ശ്രീമതി.ഷീജ ജോസഫിനെ 18.11.2024 -ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി ഓൺലൈൻ പ്ലാറ്റ്ഫോം മുഖാന്തിരം നേരിൽ കേട്ടു. ഹിയറിംഗ് വേളയിൽ ശ്രീമതി.ഷീജ ജോസഫ് താഴെപ്പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

ഓഫീസിനു തൊട്ടടുത്ത തന്നെയുള്ള കോർപ്പറേഷൻ ക്വാർട്ടേഴ്സിൽ ആണ് താമസിച്ച് വരുന്നത്. മുഴുവൻ സമയവും വാക്കിംഗ് സ്റ്റിക്ക് ഉപയോഗിച്ചാണ് നടക്കുന്നത്. വികലാംഗയായ തനിക്ക് പരസഹായം കൂടാതെ പൊതു ഗതാഗത സംവിധാനം ഉപയോഗിക്കാൻ കഴിയില്ലാത്തതിനാൽ വികലാംഗർക്കായി പ്രത്യേകം രൂപകൽപന ചെയ്ത നാല് വീൽ പിടിപ്പിച്ച സ്കൂട്ടറിലാണ് യാത്ര ചെയ്യുന്നത്. നടക്കുന്നതിനിടെ തുടർച്ചയായിട്ടുള്ള വീഴ്ചകൾ മൂലം വൈകല്യമുള്ള കാലിന്റെ മുട്ടുചിരട്ടയ്ക്ക് കേടുപാടുകൾ ഉണ്ടായതിനെ തുടർന്ന് സർജറി ചെയ്ത് മുട്ട ചിരട്ടയിൽ കമ്പി ഇട്ട് ഉറപ്പിച്ചിരിക്കുകയാണ്. തുടർച്ചയായി ചെയ്യേണ്ടി വന്ന മൂന്ന് സർജറികൾ മൂലം കാല് കൂടുതൽ ദുർബലമാവുകയും പലപ്പോഴും കാല് മടങ്ങി വീണു പോവുകയും ചെയ്യുന്നു. ഇറക്കത്തിലും മിനുസമുള്ള തറയിലും നടക്കാനും പടികൾ കയറാനും ബുദ്ധിമുട്ടാണ്. അതറിയാവുന്നതു കൊണ്ട് ഓഫീസ് മേലധികാരികൾ ഒരു സ്ഥലത്തു തന്നെ ഇരുന്ന് ജോലി ചെയ്യാൻ സൗകര്യം ലഭിക്കുമാറ് കെ-സ്മാർട്ട് തപാൽ, ക്യാഷ് കൗണ്ടർ മുതലായ സീറ്റുകളിലാണ് എന്നെ നിയമിച്ചിട്ടുള്ളത്. വിരമിക്കാൻ ഒരു വർഷവും 5 മാസവും മാത്രമേ സർവ്വീസ് ബാക്കിയുള്ളൂ.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ 2023 ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗനിർദ്ദേശങ്ങളും 22.03.2023 ലെ സ.ഉ (കൈ) 79/2023/തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നതും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള ജനറൽ ട്രാൻസ്ഫർ ആപ്ലിക്കേഷൻ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളതുമാണ്. പൊതുസ്ഥലംമാറ്റത്തിനായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി മുൻഗണന പട്ടികകൾ തയ്യാറാക്കിയിട്ടുള്ളതും പ്രത്യേക മുൻഗണനകൾ, അനുകമ്പാർഹമായ കാരണങ്ങൾ മുതലായ എല്ലാ പരിഗണനകളും ഉൾപ്പെടുത്തി സ്ഥലംമാറ്റത്തിന് അർഹത നേടിയവരുടെ മുൻഗണന പട്ടികകൾ പ്രസിദ്ധീകരിച്ചിരുന്നതുമാണ് എന്നും ടി പട്ടികകളിൽ നിന്നും റൊട്ടേഷൻ ചാർട്ട് അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നടത്തിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്.

5. ശ്രീമതി.ഷീജ ജോസഫ് (പെൻ G54526), സീനിയർ ക്ലർക്കിന്റെ ഇൻകമ്പൻസി INCU-

16798172110169 നമ്പരായി സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാളുടെ വിരമിക്കൽ തീയതി 30.04.2026 ആണ്. ഇൻകമ്പൻസിയിൽ Differently Abled Person With Disability of 45% എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ചത് 03.08.2019 തീയതിയിലാണ്. ഒരു ഓഫീസിൽ അതത് വർഷം മാർച്ച് 31 ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റേണ്ടതാണെന്നും ഒരു ഓഫീസിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും പൊതുസ്ഥലം മാറ്റ സംബന്ധിച്ച 22.03.2023ലെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നതായും അല്ലാത്തപക്ഷം പൊതുസ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാത്തവരെ പരിഗണിക്കുകയുള്ളൂ എന്ന് പരാമർശിച്ചിരുന്നു.

6. ശ്രീമതി.ഷീജ ജോസഫ് (പെൻ G54526) സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നില്ല. ടിയാൾക്ക് 2023 മാർച്ച് 31 വരെ നിലവിലെ സ്റ്റേഷനായ കൊച്ചി കോർപ്പറേഷനിൽ 3 Years 8 months 1 days (Total days - 1339) ദിവസം സ്റ്റേഷൻ സീനിയോറിറ്റി ഉണ്ട്. 2023 പൊതു സ്ഥലംമാറ്റത്തിൽ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് അർഹതപ്രകാരം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന അനുവദിച്ചിരുന്നു. അനുകമ്പാർഹമായ കാരണങ്ങൾ ഉൾപ്പെടുത്തി സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് സോഫ്റ്റ് വെയറിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നുവെങ്കിലും ടിയാൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടില്ല. നിർബന്ധിത പൊതു സ്ഥലംമാറ്റത്തിൽ നിന്നും മാനദണ്ഡപ്രകാരവും അർഹതയ്ക്കനുസരിച്ചും ഒഴിവാക്കുന്നതിന് ഏതെങ്കിലും ജീവനക്കാരൻ അവകാശപ്പെടുന്ന പക്ഷം ആയത് എല്ലാ വർഷവും ബന്ധപ്പെട്ട രേഖകളടക്കം പ്രത്യേക അപേക്ഷയായി സമർപ്പിക്കേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ (കൈ) 79/2023/തസ്വഭവ നമ്പർ ഉത്തരവിലെ 8 (ഡി) യിൽ വ്യക്തമാക്കിയിരുന്നു. പൊതുസ്ഥലംമാറ്റത്തിനായുള്ള സോഫ്റ്റ് വെയറിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നുവെങ്കിലും അപേക്ഷക ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടില്ല. 22.03.2023 ലെ സ.ഉ (കൈ) 79/2023/തസ്വഭവ നമ്പർ ഉത്തരവിലെ 8 (എ) പ്രകാരം 60% ന് മേൽ ഭിന്നശേഷി ഉള്ളവർക്ക് 5 വർഷത്തേക്ക് പൊതുസ്ഥലംമാറ്റത്തിൽ സംരക്ഷണം നൽകുന്നതോടൊപ്പം കാലാവധി അവസാനിക്കുമ്പോൾ 60% ന് മേൽ ഭിന്നശേഷിയുള്ളവർ അവകാശവാദം ഉന്നയിച്ചാൽ മാത്രം സ്ഥലംമാറ്റം നടത്തിയാൽ മതിയാകും എന്ന് പരാമർശിച്ചിരുന്നു. അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം ടിയാളുടെ ഭിന്നശേഷി 45% ആണ്. ആയതിനാൽ ടി ആനുകൂല്യത്തിന് അപേക്ഷകയ്ക്ക് അർഹതയില്ലാത്തതാണ്.

7. തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കിയ പൊതു സ്ഥലംമാറ്റം 2023 ൽ കൊച്ചി നഗരസഭയിൽ 3 വർഷത്തിലധികമായി സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ചില ജീവനക്കാർ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാതെ കൊച്ചി നഗരസഭയിൽ തന്നെ സേവനത്തിൽ തുടർന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും പരാതി ലഭിച്ചതിനെ തുടർന്നും തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറുടെ 25.10.2023 ലെ LSGD/PD/57341/2023-DEC1 ഉത്തരവ് പ്രകാരം ടി ജീവനക്കാരെ സ്ഥലംമാറ്റുന്നതിന് ജോയിന്റ് ഡയറക്ടർ എറണാകുളത്തിന് അനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എറണാകുളം ജോയിന്റ് ഡയറക്ടർ അനക്ഷർ A1 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവിൽ ശ്രീമതി.ഷീജ ജോസഫിന് കൊച്ചി കോർപ്പറേഷനിൽ നിന്നും ചേരനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നു. ടി ഉത്തരവിനെതിരെയാണ്

ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM)1826/2023 നമ്പർ ഹർജി ഫയൽ ചെയ്യുന്നത്.

8. 2024 പൊതുസ്ഥലംമാറ്റത്തിനു വേണ്ടിയുള്ള 16.03.2024 ലെ സ.ഉ (കൈ) നം.46/2024/തസ്വഭവ നമ്പർ ഉത്തരവിലെ മാനദണ്ഡപ്രകാരമുള്ള കരട് സ്ഥലംമാറ്റ പട്ടികയിൽ ശ്രീമതി.ഷീജ ജോസഫ് ഉൾപ്പെട്ടിട്ടുള്ളതായി എറണാകുളം ജോയിന്റ് ഡയറക്ടറുടെ 27.06.2024 ലെ LSGD/JD/EKM/1738/2024-A4 നമ്പർ കത്തിലൂടെ റിപ്പോർട്ട് ചെയ്യിരുന്നു. ശ്രീമതി.ഷീജ ജോസഫ്-നെ ടി കേസിലെ അന്തിമ ഉത്തരവിനനുസരണമായി തുടർ നടപടി സ്വീകരിയ്ക്കുന്നതാണെന്ന വ്യവസ്ഥയിൽ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ നിന്ന് ഒഴിവാക്കിയിരുന്നു. 2024 പൊതുസ്ഥലംമാറ്റത്തിനും ശ്രീമതി.ഷീജ ജോസഫ് അപേക്ഷ സമർപ്പിച്ചിരുന്നില്ല. 2024 മാർച്ച് 31 വരെ നിലവിലെ സ്റ്റേഷനായ കൊച്ചി കോർപ്പറേഷനിൽ 4 years 8 months 2 days (1705 days) സ്റ്റേഷൻ സീനിയോറിറ്റി ഉണ്ട്. ടോട്ടൽ ഇൻസ്റ്റേഷൻ സീനിയോറിറ്റി 5 years 1 months 26 days (1881 days) ആണ്. 2024 പൊതുസ്ഥലംമാറ്റത്തിലും 16.03.2024 ലെ സ.ഉ (കൈ) നം.46/2024/തസ്വഭവ നമ്പർ ഉത്തരവിലെ 8 (ഡി) പ്രകാരം നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല.

9. കൊച്ചി കോർപ്പറേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിലും 2023, 2024 എന്നീ പൊതുസ്ഥലംമാറ്റങ്ങൾക്ക് യഥാവിധി അപേക്ഷ സമർപ്പിക്കുകയോ അർഹത മാനദണ്ഡപ്രകാരം പൊതുസ്ഥലംമാറ്റത്തിൽ ഒഴിവാക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യിരുന്നില്ല. കൂടാതെ 2024 പൊതുസ്ഥലംമാറ്റത്തിന് 22.03.2023 ലെ സ.ഉ (കൈ) 79/2023/തസ്വഭവ, 16.03.2024 ലെ സ.ഉ (കൈ) നം.46/2024/തസ്വഭവ ഉത്തരവുകളിലെ ഖണ്ഡിക 9(ii) പ്രത്യേക മുൻഗണന പ്രകാരം 50 ശതമാനമോ അതിൽ താഴെയോ ലോക്കോമോട്ടീവ് ഡിസെബിലിറ്റിയുള്ള ജീവനക്കാർക്ക് അംഗീകൃത മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 65 മാർക്ക് അനുവദിച്ചിരുന്നു. പ്രസ്തുത സൗകര്യവും ടിയാൾ പ്രയോജനപ്പെടുത്തിയിരുന്നില്ല. മേൽ സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയിട്ടുള്ളതിനാൽ 22.03.2023 ലെ സ.ഉ (കൈ) 79/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2 (ബി) പ്രകാരം ശ്രീമതി.ഷീജ ജോസഫ്-ന്റെ അനക്ഷർ A5 അപ്പീൽ അപേക്ഷയിലെ കൊച്ചി നഗരസഭയിൽ നിലനിറുത്തണമെന്ന ആവശ്യം പരിഗണിക്കുന്നതിന് കഴിയുകയില്ല. എങ്കിലും ടിയാളുടെ ശാരീരിക അവശത കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ടിയാൾക്ക് സൗകര്യപ്രദമായ മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

10. സർക്കാർ ഇക്കാര്യം ശ്രീമതി.ഷീജ ജോസഫിന്റെ അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും, പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകളുടേയും, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചതിൽ ശ്രീമതി.ഷീജ ജോസഫിന് സ്ഥലംമാറ്റം നൽകിയ ഉത്തരവ്, മാനദണ്ഡങ്ങൾ പ്രകാരം ക്രമപ്രകാരമാണെന്ന് കാണുന്നു. 22.03.2023 ലെ സ.ഉ (കൈ) 79/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2(b) പ്രകാരം 3 വർഷം കാലാവധി തികഞ്ഞതിനാലും പരാതിക്കാരി മറ്റൊരു സ്റ്റേഷൻ തെരഞ്ഞെടുത്തിരുന്നില്ല എന്നതിനാലും ഭിന്നശേഷി എന്നതിന്റെ പരിഗണനയ്ക്ക് അർഹയല്ലാത്തതിനാലും ടിയാൾ സ്ഥലംമാറ്റപ്പെടേണ്ടതാണ് എന്നും കാണുന്നു. എന്നിരുന്നാലും ടിയാളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ടിയാളെ നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിച്ചുകൊണ്ടും, 2025-ലെ ജനറൽ ട്രാൻസ്ഫറിനും ടിയാൾ സ്ഥലംമാറ്റപ്പെടാൻ സാധ്യതയുള്ളതിനാൽ പൊതു സ്ഥംമാറ്റം

പരിഗണിക്കുമ്പോൾ ടിയാളുടെ പ്രത്യേക സാഹചര്യങ്ങളും ശാരീരിക അവസ്ഥയും പരിഗണിച്ച് ടിയാൾക്ക് സൗകര്യപ്രദമായ ഒരു സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും, ടിയാളുടെ അനക്ഷർ എ5 അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

11. മേൽ പ്രകാരം OA(EKM) 1826/23 നമ്പർ കേസിലെ ബഹു.ട്രിബ്യൂണലിന്റെ 03.10.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി.ഷീജ ജോസഫ്,സീനിയർ ക്ലർക്ക്,കൊച്ചി നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-12-2024 16:01:28
സെക്ഷൻ ഓഫീസർ